599

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൊല്ലം മുഖത്തല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് കൊടിമര നിർമ്മാണത്തിനായി തേക്ക് മരം അനുവദിച്ച് ഉത്തരവാകുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 16/2017/വനം. തീയതി, തിരുവനന്തപുരം, 10/01/2017.

---

പരാമർശം :- 1. 03.02.2007-ലെ സ.ഉ.(എം.എസ്)38/07/വനം. നമ്പർ ഉത്തരവ്.

2. കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 16/11/2016-ലെ 2609 നമ്പർ കത്ത്.

3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ 30.11.2016 -ലെ പ്രൊ(5)-57398/2016 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം, മുഖത്തല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സ്വർണ്ണക്കൊടിമരം നിർമ്മാണത്തിനാവശ്യമായ തേക്ക്മരം കോന്നി ഡിവിഷനിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം(2) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ, കൊല്ലം അപേക്ഷിച്ചിട്ടുണ്ട്.

2) കൊടിമരത്തിന് അനുയോജ്യമായ കോന്നി ഡിവിഷന്റെ കീഴിലുള്ള സൗത്ത് കുമരം പേരൂർ ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷനിൽ 833/14-ാം നമ്പരായി മാർക്ക് ചെയ്ത തേക്ക് മരം ക്ഷേത്രാധികാരികൾ കണ്ടെത്തിയിട്ടുണ്ടെന്നും, കോന്നി ഡിവിഷന്റെ 2015-16 മുതൽ 2024-25 വരെയുള്ള അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷൻ 2014-15-ൽ അടക്കി മുറിക്ക് പ്രായമാകുമെങ്കിലും, വർക്കിംഗ് പ്ലാൻ പ്രകാരം തോട്ടം അടക്കി മുറിക്കേണ്ടത് 2017-18 സാമ്പത്തിക വർഷത്തിലാണ് എന്നും പരാമർശം(3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊല്ലത്തിന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്ഷേത്ര കൊടിമരത്തിന് അനുയോജ്യമായ തേക്ക്മരം 1954 നെല്ലിടപ്പാറ തേക്ക് തോട്ടത്തിൽ നിന്നും പരാമർശം(1)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ച നൽകാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്ഷേത്രാധികാരികൾ കണ്ടെത്തിയിട്ടുള്ള കോന്നി ഡിവിഷന്റെ കീഴിലുള്ള സൗത്ത് കുമരം പേരൂർ ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷനിൽ 833/14-ാം നമ്പരായി മാർക്ക് ചെയ്ത തേക്ക് മരം പരാമർശം(1)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും, ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിലയും, നികുതികളും ഈടാക്കിക്കൊണ്ടും കൊല്ലം മുഖത്തല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് കൊടിമരം നിർമ്മാണത്തിനായി അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.